കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 16 | ലക്കം 1 | ജൂൺ 30 2023

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

അകത്താളുകളിൽ

2 പുതിയ കൃഷി ഓഫീസർമാരുടെ പരിശീലന ക്യാമ്പ് കൃഷി മന്ത്രി ഉദ്ഘാടനം ചെയ്തു
5 സ്മാർട്ട് കൃഷിഭവനുകളിലൂടെ സേവനങ്ങൾ ഓൺലൈൻ ആയി നൽകും: കൃഷിമന്ത്രി പി പ്രസാദ്
5 വാം മിഷൻ (വാല്യൂ ആഡഡ് അഗ്രികൾച്ചർ മിഷൻ)

# ഓണത്തിന് ഒരു മുറം പച്ചക്കറി

## സംസ്ഥാനതല ഉദ്ഘാടനം

സംസ്ഥാനത്ത് എല്ലാ കുടുംബങ്ങളിലും കാർഷിക സംസ്കാരം ഉണർത്തുക, കേരളത്തെ ഭക്ഷ്യ സ്വയം പര്യാപ്തതയിൽ എത്തിക്കുക, കൂടാതെ വിഷരഹിത പച്ചക്കറി ഉല്പാദനം കാര്യക്ഷമമായി നടപ്പിൽ വരുത്തുക തുടങ്ങിയ ലക്ഷ്യത്തോടെ കൃഷിവകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് 'ഞങ്ങളും കൃഷിയിലേക്ക്'. മലയാളികളുടെ ദേശീയ ഉൽസവമായ ഓണത്തോടനുബന്ധിച്ച് ഞങ്ങളും കൃഷിയിലേക്ക് പദ്ധതിയുടെ ഭാഗമായി ഓണനാളുകളിൽ വിഷരഹിതമായ പച്ചക്കറികൾ നമ്മുടെ വീട്ടുവളപ്പുകളിൽ നിന്ന് തന്നെ ലഭ്യമാക്കാൻ ഉദ്ദേശിച്ച് നടപ്പിലാക്കി വരുന്ന ബൃഹത് പദ്ധതിയാണ് 'ഓണത്തിന് ഒരു മുറം പച്ചക്കറി'.

'ഓണത്തിന് ഒരുമുറം പച്ചക്കറി' പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ബഹു. മുഖ്യമന്ത്രി പിണറായി വിജയൻ സെക്രട്ടറിയേറ്റ് അങ്കണത്തിൽ വച്ച് നിർവഹിച്ചു. കൃഷിവകുപ്പ് മന്ത്രി ശ്രീ. പി.പ്രസാദ് അധ്യക്ഷനായ വേദിയിൽ മന്ത്രിമാരായ ശ്രീ. കെ. കൃഷ്ണൻകുട്ടി, ശ്രീ. അഹമ്മദ് ദേവർകോവിൽ, ശ്രീ. ആന്റണിരാജു, അഡ്വ. ജിആർഅനിൽ, ശ്രീ. കെ.എൻ. ബാലഗോപാൽ, ശ്രീമതി. ജെ. ചിഞ്ചുറാണി, അഡ്വ. എം.ബി. രാജേഷ്, ശ്രീ. കെ. രാധാകൃഷ്ണൻ, പി. രാജീവ്, ശ്രീ. സജി ചെറിയാൻ, ശ്രീ. വി.എൻ. വാസവൻ, ശ്രീമതി. വീണജോർജ്, കൃഷിഡ



ചീഫ് എഡിറ്റർ - ആശ എസ്. കുമാർ
എഡിറ്റർ - ഡോ. ബിന്ദ ഹാരിയറ്റ് ഐവൻ
അസോസിയേറ്റ് എഡിറ്റർ - പ്രശാന്ത് ജി.എസ്.
അസിസ്റ്റൻറ് എഡിറ്റർ - മുഹമ്മദ് റിയാസ്

യറക്ടർ ശ്രീമതി. അഞ്ജു കെ.എസ് ഐഎഎസ്, സംസ്ഥാന ഹോർട്ടികൾച്ചർമിഷൻഡയറക്ടർ ശ്രീമതി. ആരതി എൽ.ആർ. ഐഇഎസ്, കൃഷി ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

പച്ചക്കറി ഉല്പാദനത്തിൽ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും പങ്കാളികളാക്കുക എന്ന ഉദ്ദേശ്യത്തോടെ സംസ്ഥാനത്തെ എല്ലാ കുടുംബങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടാണ് ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി 2023-24 സാമ്പത്തിക വർഷം നടപ്പിലാക്കുവാൻ വിഭാവനം ചെയ്തത്. ഇതിന്റെ ഭാഗമായി പച്ചക്കറി വിത്ത് പാക്കറ്റുകൾ, തൈകൾ, ദീർഘകാല പച്ചക്കറി തൈകൾ എന്നിവ സംസ്ഥാനത്തെ 1076 കൃഷിഭവനുകൾ വഴി സൗജന്യമായി നൽകി. കർഷകർ, കൃഷിക്കൂട്ടങ്ങൾ, വിദ്യാർത്ഥികൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീകൾ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, ജനപ്രതിനിധികൾ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ തുടങ്ങി പൊതു സമൂഹത്തിലെ എല്ലാ വിഭാഗത്തെയും പങ്കെടുപ്പിച്ചുകൊണ്ടാണ് പദ്ധതി നടപ്പിലാക്കിയത്.

### പദ്ധതിയുടെ വിശദാംശങ്ങൾ

'ഓണത്തിന് ഒരു മുറം പച്ചക്കറി' പദ്ധതിയുടെ ഭാഗമായി വിത്തിനങ്ങൾ അടങ്ങിയ 25 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ വിതരണം ചെയ്യുന്നു. കൂടാതെ പച്ചക്കറി ഇനങ്ങളുടെ 100 ലക്ഷം തൈകൾ ഈ പദ്ധതിയിലൂടെ കൃഷിക്കാർക്ക് വിതരണം ചെയ്യുന്നു. ദീർഘകാല പച്ചക്കറി വിളകളുടെ (മുരിങ്ങ, കറിവേപ്പ്, അഗത്തി ചീര) 2 ലക്ഷം തൈകളും 'ഓണത്തിന് ഒരു മുറം പച്ചക്കറി' പദ്ധതിയുടെ ഭാഗമായി വിതരണം നടത്തുന്നു. വിവിധ ഇനങ്ങളടങ്ങിയ അത്യുല്പാദന ശേഷിയുള്ള സങ്കരയിനം വിത്തുകളുടെ 20 ലക്ഷം പായ്ക്കറ്റുകളും, അത്യുല്പാദന ശേഷിയുള്ള പച്ചക്കറി ഇനങ്ങളുടെ 116.66 ലക്ഷം തൈകളും വിതരണത്തിന് തയ്യാറാക്കി കഴിഞ്ഞു. പദ്ധതി നടത്തിപ്പിനായുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നു വരികയാണ്. പ്രമുഖ മാധ്യമങ്ങളുടെ കാർഷിക - കാർഷികേതര മാസികകളിലൂടെയും 4 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ ഓണം ലക്ഷ്യമിട്ടു കൊണ്ട് വിതരണത്തിന് തയ്യാറാക്കിയിട്ടുണ്ട്.

പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി ബംഗലൂരുവിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോർട്ടികൾച്ചർ റിസർച്ച് (IIHR), തമിഴ്നാട് കാർഷിക സർവ്വകലാശാല, വാരണാസിയിലെ ഭാരതീയ പച്ചക്കറി ഗവേഷണ സ്ഥാപനം (IVRI), വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം (വി.എഫ്.പി.സി.കെ.), കേരള കാർഷിക സർവ്വകലാശാല (KAU), കൃഷി വകുപ്പിന്റെ കീഴിലുള്ള ഫാമുകൾ, കാർഷിക കർമ്മസേന, അഗ്രോ സർവ്വീസ് സെന്റർ, കൃഷിക്കൂട്ടം, ബ്ലോക്ക് ലവൽ ഫെഡറേറ്റഡ് ഓർഗനൈസേഷനുകൾ, കുടുംബശ്രീ, കൃഷിവകുപ്പ് അംഗീകരിച്ച ബ്ലോക്ക് പഞ്ചായത്ത് തല നഴ്സറികൾ തുടങ്ങിയ സ്ഥാപനങ്ങൾ/ഏജൻസികൾ മുഖേനയാണ് പച്ചക്കറി വിത്ത്, തൈകൾ എന്നിവ ഉല്പാദിപ്പിച്ച് വിതരണത്തിന് തയ്യാറാക്കിയത്.

"ഓണത്തിന് ഒരു മുറം പച്ചക്കറി' പദ്ധതിയുടെ ഭാഗമായി മേൽ പറഞ്ഞ പദ്ധതി ഘടകം വിജയകരമായി നടപ്പിലാക്കി ഓണ നാളുകളിൽ നമ്മുടെ വീട്ടുവളപ്പിൽ നിന്നു തന്നെ വിഷരഹിതമായ പച്ചക്കറി സമൃദ്ധമായി ഉല്പാദിപ്പിക്കുവാൻ സാധ്യമാക്കുവാനാണ് കൃഷിവകുപ്പ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിട്ടത്.

# പുതിയ കൃഷി ഓഫീസർമാരുടെ പരിശീലന ക്യാമ്പ് ബഹു. കൃഷി മന്ത്രി ഉദ്ഘാടനം ചെയ്തു

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ പുതുതായി നിയമിതരായ കൃഷി ഓഫീസർമാരുടെ ആദ്യ പരിശീലന ക്യാമ്പ് ബഹു. കൃഷി വകുപ്പ് മന്ത്രി ശ്രീ. പി പ്രസാദ് ഉദ്ഘാടനം ചെയ്തു. തിരുവനന്തപുരം സമേതിയിൽ സംഘടിപ്പിച്ച 6 ദിവസം നീളുന്ന പരിശീലന ക്യാമ്പിന്റെ ഉദ്ഘാടന ചടങ്ങിൽ കൃഷി വകുപ്പ് ഡയറക്ടർ ശ്രീമതി. അഞ്ജു. കെ. എസ്. ഐ.എ.എസ് അധ്യക്ഷത വഹിച്ചു.

ജനകീയരായ കൃഷി ഓഫീസർമാരിലൂടെ വകുപ്പിന്റെ യശസ്സ് വർദ്ധിപ്പിക്കുന്നതിനൊപ്പം കാർഷിക മേഖലയിലെ വിവിധങ്ങളായ പ്രശ്നങ്ങളിലേക്ക് കടന്നു ചെല്ലുവാനും അവയ്ക്ക് ശാശ്വതമായ പരിഹാരങ്ങൾ





കണ്ടെത്തുവാനുമുള്ള തീവ്രമായ പരിശ്രമം എല്ലാവരിലും ഉണ്ടാകണമെന്ന് മന്ത്രി പറഞ്ഞു. കാലാകാലങ്ങളായി കൃഷിവകുപ്പ് നടത്തിവന്നിരുന്ന പ്രവർത്തനങ്ങളിൽ കാതലായ മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഇന്നത്തെ കൃഷിരീതികൾക്കും കാലാവസ്ഥയ്ക്കു മുതകുന്ന കാർഷിക പദ്ധതികൾ കൃഷിവകുപ്പ് ആസൂത്രണം ചെയ്തു നടപ്പിലാക്കി വരികയാണ്. വിളകളെ അടിസ്ഥാനമാക്കിയുള്ള പദ്ധതികളിൽ നിന്നും വിഭിന്നമായി കൃഷിയിടത്തെ അധിഷ്ഠിതപ്പെടുത്തിയുള്ള പദ്ധതികൾ വിഭാവനം ചെയ്ത് വകുപ്പ് നടപ്പിലാക്കുന്നുണ്ട്. കർഷകരുടെ പ്രശ്നങ്ങൾക്ക് ഉടനടി തീർപ്പ് കൽപ്പിക്കുന്നതിന് പ്രാദേശിക കാർഷിക വിലയിരുത്തൽ യജ്ഞമായ കൃഷിദർശൻ ആരംഭിച്ചു. പൊതുജനങ്ങളെ കൃഷിയിലേക്ക് ആകർഷിക്കുന്നതിന്റെ ഭാഗമായി ഞങ്ങളും കൃഷിയിലേക്ക് എന്ന ജനകീയ ക്യാമ്പയിൻ ആവിഷ്കരിച്ച് നടപ്പാക്കി. അതിന്റെ ഭാഗമായി 20000 ലധികം കൃഷി കൂട്ടങ്ങൾ രൂപീകരിക്കുകയും ഉൽപാദന- സംസ്കരണ- വിപണന -സേവന മേഖലകളിലെ പ്രവർത്തനങ്ങൾ വഴി ശാക്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. കർഷകർക്ക് ഇന്ത്യയിലും പുറത്തുനിന്നുമുള്ള നൂതന സാങ്കേതികവിദ്യകളിൽ പരിശീലനങ്ങൾ നൽകി. ഇത്തരത്തിൽ കർഷക സൗഹൃദപരമായ നിരവധി പ്രവർത്തനങ്ങൾ വകുപ്പ് നടത്തിവരുന്നുവെന്ന് മന്ത്രി പറഞ്ഞു.

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ 199 കൃഷി ഓഫീസർമാരെയാണ് പുതുതായി നിയമിച്ചത്. ഉദ്ഘാടന ചടങ്ങിൽ കാർഷികോൽപാദന കമ്മീഷണർ ഡോ. ബി. അശോക് ഐ.എ.എസ്. മുഖ്യപ്രഭാഷണം നടത്തി. കാർഷിക വില നിർണയ ബോർഡ് ചെയർമാൻ ഡോ. പി. രാജശേഖരൻ, സമേതി ഡയറക്ടർ ശ്രീ. ജോർജ് സെബാസ്റ്റിയൻ തുടങ്ങിയവർ സംസാരിച്ചു.

# കാലാവസ്ഥ വ്യതിയാനത്തിന് അനുസൃതമായ കാർഷിക രീതികൾ അവലംബിക്കണം : ബഹു. കൃഷിമന്ത്രി ശ്രീ. പി. പ്രസാദ്

കാലാവസ്ഥ വ്യതിയാനം സൃഷ്ടിക്കുന്ന പ്രതിസന്ധികളെ അവസരങ്ങളാക്കി മാറ്റണമെന്നും അതിനനുസൃതമായ കാർഷിക രീതികൾ അവലംബിക്കണമെന്നും കൃഷിമന്ത്രി ശ്രീ. പി.പ്രസാദ് പറഞ്ഞു. സംസ്ഥാന കൃഷിവകുപ്പ് കായംകുളത്ത് വച്ച് സംഘടിപ്പിച്ച കർഷകസഭകളുടെ സംസ്ഥാനതല ഉദ്ഘാടനവും ഞാറ്റുവേല കലണ്ടറിന്റെ പ്രകാശനവും നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു





മന്ത്രി. കാർഷിക മേഖലയ്ക്ക് പ്രാമുഖ്യം കൊടുക്കുന്ന ഒരു ജനതയ്ക്ക് വളരെയേറെ പ്രാധാന്യമുള്ളതാണ് ഞാറ്റുവേല. തിരുവാതിര ഞാറ്റുവേലയുടെ പ്രാധാന്യം എല്ലായിടത്തും എത്തിക്കേണ്ടതുണ്ടെന്നും ഞാറ്റുവേല പ്രയോജനപ്പെടുത്തി സാധ്യമായ എല്ലായിടത്തും കൃഷി ആരംഭിക്കണമെന്ന് അദ്ദേഹം പറഞ്ഞു. ഓണക്കാലം പച്ചക്കറികൾക്ക് വില കൂടുന്ന കാലമാണ്. അതിനെ പ്രതിരോധിക്കുവാനും വിഷമില്ലാത്ത പച്ചക്കറി ഭക്ഷിക്കാനും എല്ലാവരും കൃഷിയിലേക്ക് ഇറങ്ങണമെന്നും മന്ത്രി പറഞ്ഞു. ഓണാട്ടുകരയുടെ കാർഷിക പ്രാധാന്യം തിരിച്ചറിഞ്ഞുകൊണ്ട് ഓണാട്ടുകര കേന്ദ്രീകരിച്ച് ഡിപിആർ ക്ലിനിക്, ബി2ബി മീറ്റ് എന്നിവ സംഘടിപ്പിക്കുമെന്നും മന്ത്രി പറഞ്ഞു.

പരമ്പരാഗത വിത്തിനങ്ങളുടെ കൈമാറ്റ ഉദ്ഘാടനവും മന്ത്രി നിർവ്വഹിച്ചു. മുതിർന്ന കർഷകൻ ശ്രീ. അയ്യപ്പൻ നായരെ ചടങ്ങിൽ മന്ത്രി ആദരിച്ചു.

ഞാറ്റുവേല ചന്തയുടെ ഉദ്ഘാടനം ശ്രീ. എ.എം.ആരിഫ് എം.പി നിർവ്വഹിച്ചു. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഈ കാലഘട്ടത്തിൽ പ്രകൃതിയെ മനസ്സിലാക്കിക്കൊണ്ടുള്ള മികച്ച ഇടപെടലുകളാണ് കൃഷിവകുപ്പ് നടത്തിവരുന്നതെന്ന് എം പി പറഞ്ഞു.

കായംകുളം നഗരസഭ ചെയർപേഴ്സൺ ശ്രീമതി. പി. ശശികല അധ്യക്ഷത വഹിച്ചു. കൃഷി അഡീഷണൽ ഡയറക്ടർ ശ്രീ. എസ്.അജയകുമാർ പദ്ധതി വിശദീകരണം നടത്തി. കൃഷി അഡീഷണൽ ഡയറക്ടർ ശ്രീ. ജോർജ്ജ് സെബാസ്റ്റിയൻ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറ് ശ്രീമതി. അംബുജാക്ഷി ടീച്ചർ, വൈസ് ചെയർമാൻ ശ്രീ. ജെ. ആദർശ്, കൗൺസിലർ ശ്രീ. കെ.പുഷ്പദാസ്, കെ.എൽ.സി.സി. ചെയർമാൻ ശ്രീ. പി.വി. സത്യനേശൻ, പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീമതി. അനിത ജെയിംസ്, മുതിർന്ന കർഷകൻ ശ്രീ. അയ്യപ്പൻ നായർ, ഓണാട്ടുകര വികസന ഏജൻസി വൈസ് ചെയർമാൻ ശ്രീ. എൻ.രവീന്ദ്രൻ, സി.പി.സി.ആർ.ഐ കായംകുളം ഹെഡ് ഡോ. പി.അനിതാകുമാരി, ഒ.ആർ.എ.ആർ.എസ് കായംകുളം ഹെഡ് ഡോ.വി. മിനി എന്നിവർ പങ്കെടുത്തു. ചടങ്ങിനോടനുബന്ധിച്ച് മാവേലിക്കര ജില്ലാ കൃഷിത്തോട്ടത്തിലെ തൊഴിലാളികൾ അവതരിപ്പിച്ച നാടൻ പാട്ടുകൾ ഉണ്ടായിരുന്നു.

# ഒരു ലക്ഷം പോഷക തോട്ടങ്ങൾ സ്ഥാപിക്കും: ബഹു. കൃഷിമന്ത്രി ശ്രീ. പി. പ്രസാദ്

ഞങ്ങളും കൃഷിയിലേക്ക് എന്ന ജനകീയ ക്യാമ്പയിന്റെ ഭാഗമായി ഒരു ലക്ഷം പോഷക തോട്ടങ്ങൾ സ്ഥാപിക്കുമെന്ന് കൃഷി മന്ത്രി ശ്രീ. പി പ്രസാദ്. കാർഷിക ഉത്പാദന വർദ്ധനവിന് പ്രാമുഖ്യം നൽകിക്കൊണ്ട് പഴം-പച്ചക്കറി- ഇല-കിഴങ്ങ് വർഗ്ഗങ്ങളിൽ സ്വയം പര്യാപ്തത കൈവരിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്നും മന്ത്രി പറഞ്ഞു. 'സുരക്ഷിതഭക്ഷണം ആരോഗ്യജീവിതം' എന്ന വിഷയത്തിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് തിരുവനന്തപുരം സമേതിയിൽ സംഘടിപ്പിച്ച ഏകദിന ശില്പശാല ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

കേരളത്തിൽ നെല്ലിന്റെ ഉൽപാദനം വർദ്ധിച്ചിട്ടുണ്ട്. പച്ചക്കറി ഉൽപാദനം വർധിക്കുന്നതിനൊപ്പം സുരക്ഷിതവും ആയിരിക്കണം. അതിനുള്ള പരിശ്രമം ജനകീയ കൂട്ടായ്മകളിലൂടെ സാധ്യമാക്കണം. ആവശ്യമായ പച്ചക്കറികൾ സ്വയം കൃഷി ചെയ്ത് ഉണ്ടാക്കുന്നതിലൂടെ സുരക്ഷിതഭക്ഷണം എന്ന ആശയം പ്രായോഗികമാക്കാൻ കഴിയുമെന്നും മന്ത്രി പറഞ്ഞു.

പച്ചക്കറി ഉൽപാദനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ നിരവധിയായ വികസന പ്രവർത്തനങ്ങൾ പ്രാവർത്തി




കമാക്കേണ്ടതുണ്ട്. 5 ഇനം ഹൈബ്രിഡ് പച്ചക്കറികളുടെ വിത്തുകൾ കർഷകർക്ക് വിതരണം ചെയ്യും. ഹൈബ്രിഡ് വിത്തിനങ്ങൾക്കൊപ്പം നാടൻ ഇനങ്ങളെയും പ്രോത്സാഹിപ്പിക്കും. കൃഷിക്കൂട്ടങ്ങൾ, എ ഗ്രേഡ് ക്ലസ്റ്റർ എന്നിവ കേന്ദ്രീകരിച്ച് ഉൽപാദന വർദ്ധനവ് സാധ്യമാക്കും. വിദ്യാഭ്യാസ സ്ഥാപനങ്ങളെ പദ്ധതിയുമായി സഹകരിപ്പിക്കും. സംഭരണത്തിനും വിപണനത്തിനുമായി കോൾഡ് സ്റ്റോറേജുകൾ കൃഷിവകുപ്പിന്റെ പദ്ധതികളുടെ ഭാഗമായി തയ്യാറാക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

ശിൽപ്പശാലയിൽ കൃഷി ഡയറക്ടർ ശ്രീമതി. അഞ്ജു കെ. എസ്. ഐ എ എസ്, കാർഷിക വില നിർണയ ബോർഡ് ചെയർമാൻ പി. രാജശേഖരൻ, കൃഷി അഡീഷണൽ ഡയറക്ടർ (പ്ലാനിങ്) ജോർജ് സെബാസ്റ്റ്യൻ, കർഷക സംഘടന പ്രതിനിധികൾ, കൃഷി- അനുബന്ധ വകുപ്പ് ഉദ്യോഗസ്ഥർ, സർക്കാർ ഏജൻസികളിലെ ഉദ്യോഗസ്ഥർ, കർഷക പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

# സ്മാർട്ട് കൃഷിഭവനുകളിലൂടെ സേവനങ്ങൾ ഓൺലൈൻ ആയി നൽകും: ബഹു. കൃഷിമന്ത്രി ശ്രീ. പി. പ്രസാദ്




കൃഷി ഉദ്യോഗസ്ഥർ കൃഷിയിടങ്ങളിലേക്ക് ഇറങ്ങി ചെല്ലുകയും കർഷകർക്ക് ആവശ്യമായ സേവനങ്ങൾ കൃഷിയിടങ്ങളിൽ വച്ച് തന്നെ ഓൺലൈൻ ആയി നൽകുകയും ചെയ്യുന്ന തരത്തിലേക്ക് കൃഷിഭവനുകളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുകയാണെന്ന് കൃഷിവകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദ്. സേവനങ്ങൾ സ്മാർട്ട് ആക്കുന്നതിനാണ് പ്രഥമ പരിഗണന. കാർഷിക മേഖലയുടെ വളർച്ചയോടൊപ്പം കർഷകർക്ക് കൃഷി വകുപ്പ് നൽകിവരുന്ന സേവനങ്ങൾ വളരെ വേഗത്തിലും സുതാര്യമായും നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവെന്നും മന്ത്രി പറഞ്ഞു. കോന്നി അരുവാപ്പുലം സ്മാർട്ട് കൃഷിഭവൻ, വിള ആരോഗ്യപരിപാലന കേന്ദ്രം എന്നിവയുടെ ഉദ്ഘാടനവും, അരിവാപ്പുലം ബ്രാൻഡ് കുത്തരിയുടെ വിപണനോദ്ഘാടനവും നിർവഹിച്ച സംസാരിക്കുകയായിരുന്ന മന്ത്രി. അരു

വാപുലം എൽ പി സ്കൂൾ അങ്കണത്തിൽ വച്ച് നടത്തിയ പൊതുസമ്മേളനത്തിൽ ബഹു. കോന്നി എംഎൽഎ അഡ്വ. കെ.യു. ജനീഷ് കുമാർ അധ്യക്ഷനായി.

കേരളത്തിലെ കാർഷിക മേഖല വളർച്ചയുടെ പാതയിലാണ്. കൃഷിവകുപ്പ് നടപ്പിലാക്കിയ ഞങ്ങളും കൃഷിയിലേക്ക് ക്യാമ്പയിന്റെ വിജയത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക് വളരെ വലുതാണ്. ജീവിതശൈലി രോഗങ്ങൾ വർദ്ധിച്ചുവരുന്ന ഈ സാഹചര്യത്തിൽ ഓരോ വീട്ടുകളിലും ആവശ്യമായ പച്ചക്കറികൾ സ്വയം ഉല്പാദിപ്പിക്കണം. വിദേശ ഇനങ്ങൾ ഉൾപ്പെടെ പഴങ്ങളും പച്ചക്കറികളും നമ്മുടെ മണ്ണിൽ സുലഭമായി ഉണ്ടാകുന്നു. ഇവയുടെ വിളവിസ്തൃതി വർധിപ്പിച്ചും കൂടുതൽ ഉൽപാദനക്ഷമതയുള്ള ഇനങ്ങളെ തെരഞ്ഞെടുത്തു കൊണ്ടും കാർഷിക ഉത്പാദനം വർദ്ധിപ്പിക്കേണ്ടതായിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു.

കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് മികച്ച വിപണി ലഭ്യമാകേണ്ടതുണ്ട്. അതിനായി കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ബിസിനസ് മീറ്റുകൾ ആരംഭിച്ചു. ഈ വർഷത്തിൽ 100 കോടി രൂപയുടെ വിപണി കണ്ടെത്തുകയാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 2023 ഫെബ്രുവരിയിൽ തിരുവനന്തപുരത്ത് സംഘടിപ്പിച്ച ആദ്യ ബിടുബി മീറ്റിൽ കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് 39.76 കോടി രൂപയുടെ വിപണി കണ്ടെത്തി. തുടർന്ന് ഹരിപ്പാടും ചേർത്തലയുമായി നടത്തിയ ബിസിനസ് മീറ്റുകളിൽ 3.26, 1.18 കോടി രൂപയുടെയും കാർഷിക ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തി. അടുത്ത ബി2ബി മീറ്റ് കോന്നി കേന്ദ്രീകരിച്ച് നടത്തേണ്ടതുണ്ടെന്നും അതിലൂടെ കോലിഞ്ചി ഉൾപ്പെടെയുള്ള കാർഷിക ഉൽപ്പന്നങ്ങളുടെ വിപണി ഉറപ്പാക്കുമെന്നും മന്ത്രി പറഞ്ഞു. കൂടാതെ കൃഷിയുമായി ബന്ധപ്പെട്ട് സംരംഭകരാകുവാൻ ആഗ്രഹിക്കുന്നവർക്ക് അതിനാവശ്യമായ സഹായങ്ങൾ കൃഷിവകുപ്പ് സംഘടിപ്പിക്കുന്ന ഡി പി ആർ ക്ലിനിക്കുകളിലൂടെ സാധ്യമാക്കുമെന്നും മന്ത്രി അഭിപ്രായപ്പെട്ടു.



കോന്നി ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് അങ്കണത്തിൽ വച്ച് നടന്ന ആദ്യ ചടങ്ങിൽ പുതിയ ഓഫീസ് കെട്ടിടത്തിന്റെ ഉദ്ഘാടനവും നവീകരിച്ച കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിന്റെ ഉദ്ഘാടനവും മന്ത്രി നിർവഹിച്ചു. കോന്നി ബ്ലോക്ക് പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ ശ്രീമതി. ബിന്ദു വി എസ് റിപ്പോർട്ട് അവതരിപ്പിച്ചു.

അരുവാപുലത്തെ മുതിർന്ന കർഷകൻ ശ്രീ. കെ. വാസുവിനെ മന്ത്രി ആദരിച്ചു. ആരുവാപുലം ബ്രാൻഡ് കുത്തരി തയ്യാറാക്കുന്നതിനായി പ്രയത്നിച്ച കർഷകരായ ശ്രീ. എം.ജെ. ജോസഫ്, ശ്രീ. പി.വി. രാജൻ എന്നിവരെയും മന്ത്രി ആദരിച്ചു. കശുമാവ് ഗ്രാമം പദ്ധതിയിലെ കശുമാവ് ഗ്രാഫ്റ്റ് തൈകളുടെ വിതരണ ഉദ്ഘാടനം, വള്ളിക്കോട് ശർക്കരയുടെ വിപണന ഉദ്ഘാടനം, കോന്നി കർഷക സംഘത്തിന്റെ ലോഗോ പ്രകാശനം എന്നിവ മന്ത്രി നിർവഹിച്ചു.

ചടങ്ങുകളിൽ കോന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. ജിജി സജി, പത്തനംതിട്ട ജില്ലാ കളക്ടർ ശ്രീമതി. ദിവ്യ എസ് അയ്യർ ഐഎഎസ്, വള്ളിക്കോട് ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. ആർ മോഹനൻ, അരുവാപുലം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് കുമാരി. രേഷ്മ മറിയം റോയ്, അരുവാപുലം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ഇൻ ചാർജ് ശ്രീമതി. മണിയമ്മ രാമചന്ദ്രൻ, മറ്റു ജനപ്രതിനിധികൾ, രാഷ്ട്രീയപ്പാർട്ടി നേതാക്കൾ, കാർഷിക വികസന സമിതി അംഗങ്ങൾ, കർഷകർ, കൃഷി ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.



# വാം മിഷൻ
## (വാല്യൂ ആഡഡ് അഗ്രികൾച്ചർ മിഷൻ)

അഞ്ജന രശ്മി എസ്
8137863484
skumaranjana866@gmail.com

ഉപഭോക്താക്കളെ ആകർഷിക്കുവാനും അവരുടെ ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുവാനും വേണ്ടി ഒരു പ്രാഥമിക കാർഷിക ഉൽപ്പന്നത്തിന്റെ മൂല്യം വർധിപ്പിക്കുന്ന ഉൽപാദന- നിർമ്മാണ-വിപണന സേവനങ്ങളെയാണ് മൂല്യ വർധിത കൃഷികൊണ്ട് അർത്ഥമാക്കുന്നത്. കർഷകരുടെ ഉൽപാദനക്ഷമത വർധിപ്പിക്കുവാനും വരുമാനം ഇരട്ടിയാക്കുവാനുമാണ് വാം മിഷൻ രൂപീകരിച്ചത്.കർഷകരിൽ നിന്ന് സംഭരിക്കുന്ന മൂല്യവർധിത കാർഷിക ഉൽപ്പന്നങ്ങൾ വിറ്റ് ലാഭം കൊയ്യുന്ന ഇടനിലക്കാരുടെ കടന്നുകയറ്റം കുറയ്ക്കാൻ സാധിക്കും. ഈ മിഷന്റെ കീഴിൽ ഉൽപ്പന്നങ്ങൾ അന്താരാഷ്ട്ര വിപണിയിൽ എത്തിക്കുന്നതിനുള്ള ഒരു വിപണന ശൃംഖല വികസിപ്പിക്കുകയും സാങ്കേതിക വികസനം പ്രയോജനപ്പെടുത്തുകയും പ്രത്യേക ശ്രദ്ധ ആവശ്യമുള്ള മേഖലകൾ തിരിച്ചറിയുകയും നിർണായക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രത്യേക വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കുകയുംചെയ്യു. ഈ മിഷന്റെ പ്രവർത്തനത്തിനായി മുഖ്യമന്ത്രി അധ്യക്ഷനായും കൃഷി, വ്യവസായ മന്ത്രിമാർ ഉപാധ്യക്ഷൻമ്മാരായും, ധനകാര്യ, തദ്ദേശഭരണ, സഹകരണ, ജലവിഭവ, മൃഗസംരക്ഷണ, ഫിഷറീസ്, വൈദ്യുതി, ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രിമാർ അംഗങ്ങളായുള്ള ഗവേണിങ് ബോഡി രൂപീകരിച്ചു.2106 കോടി രൂപ ലോക ബാങ്ക് സഹായത്തോടെയാണ് വാം മിഷന് സംസ്ഥാന സർക്കാർ നടപ്പിലാക്കുന്നത്.

ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായി അഞ്ച് പ്രത്യേക വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. കാർഷിക വ്യവസായം, സാങ്കേതികവിദ്യ, വിജ്ഞാന ശേഖരണം, വിനിയോഗം, വിപണനം, ധനകാര്യം എന്നീ മേഖലകളിൽ ഗ്രൂപ്പുകൾ പ്രവർത്തിക്കും. കൃഷിവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയാണ് സമിതികളെ നയിക്കുന്നത്.ഈ മിഷന്റെ പ്രാഥമിക ഘട്ടത്തിൽ തന്നെ 'ഒരു കൃഷിഭവൻ ഒരു ഉൽപ്പന്നം' എന്ന കണക്കിൽ ആറുമാസ കാലയളവിൽ 1100 മൂല്യവർധിത ഉൽപ്പന്നങ്ങൾ ഉൽപാദിപ്പിക്കുക എന്നതായിരുന്നു ലക്ഷ്യം.കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, തദ്ദേശസ്വയംഭരണം തുടങ്ങി 11 വകുപ്പുകളുടെ ഏകോപനത്തോടെ മൂല്യ വർധിത ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ രൂപീകരിച്ചു.കാർഷികോല്പാദനക്ഷമത വർധിപ്പിക്കുക, ഉല്പന്നസംഭരണം, ഉല്പന്നങ്ങളുടെ വില, മൂല്യവർധിത പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം, മറ്റ് അനുബന്ധ വരുമാനങ്ങൾ എന്നിവയിൽ വർധനവുണ്ടാക്കുന്നതിന് വാം വലിയ പങ്കുവഹിക്കുന്നു. ഉല്പന്നങ്ങൾക്ക് ഉറപ്പായ വിപണിയാണ് വാമിന്റെ പ്രധാന ലക്ഷ്യം. മൂല്യവർധിത ഉല്പന്നങ്ങളെ ബ്രാൻഡ് ആയി വികസിപ്പിക്കുന്നതിനും പ്രസക്തമായ സർട്ടിഫിക്കേഷനുകൾ നേടുന്നതിനും വാം സഹായിക്കും. ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ വിതരണത്തിനായി നഴ്സറി ആക്ട് തുടങ്ങിയ നയപരമായ തീരുമാനങ്ങളിലും മിഷൻ ഇടപെടുന്നുണ്ട്. അതിന്റെ കൂടെ തന്നെ അടിസ്ഥാനസൗകര്യ വികസനം, സ്മാർട്ട് കൃഷിഭവൻ ആശയം, പഞ്ചായത്ത് തലത്തിലുള്ള കൃഷിക്കൂട്ടങ്ങളുടെ ശാക്തീകരണം, ഗ്രീൻ ലേബൽ ഫെസിലിറ്റേഷൻ സെന്ററുകൾ എന്നിവയ്ക്കും ഈ മിഷൻ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

നിലവിലുള്ള കാർഷിക മേഖലയിലെ പ്രധാന നേട്ടങ്ങൾ, അവസരങ്ങൾ,വിടവുകൾ, നയം, സ്ഥാ പനപരം, വിപണി, സാങ്കേതിക വിദ്യകൾ എന്നിവ പരിഗണിച്ച് കൊണ്ട് മൂല്യവർദ്ധന കൃഷി പ്രോത്സാഹിപ്പിക്കാൻ വേണ്ടിയുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഒരു വർക്കിംഗ് പേപ്പർ മന്ത്രിസഭ ഉപസമിതി തയ്യാറാക്കി അതിലെ നിർദ്ദേശങ്ങൾ ചുവടെ കൊടുത്തിട്ടുണ്ട്:

1.സമാഹരണ പ്രവർത്തനങ്ങൾ, സ്റ്റാൻഡേർഡൈസേഷൻ, ഗുണനിലവാര നിയന്ത്രണം, ബ്രാൻഡിംഗ്, ലേബലിംഗ് എന്നിവ ഉറപ്പുവരുത്തുന്ന മികച്ച ആഭ്യന്തര വിദേശ വിപണിക്ക് വേണ്ടിയുള്ള ആസൂത്രണം

2.വിജ്ഞാനപ്രദമായ സാങ്കേതിക വിദ്യകളുടെ വിന്യാസം,ട്രേസിബിലിറ്റി, IOT എന്നിവ ഉപയോഗിച്ചുള്ള സ്മാർട്ട് ക്രോപ്പ് ഇൻഷുറൻസ്, അനുയോജ്യമായ യന്ത്രങ്ങളുടെ പ്രചാരണം, നൂതന യന്ത്രവൽക്കരണം, ബഹിരാകാശ അധിഷ്ഠിത സാങ്കേതിക വിദ്യകളുടെ ഉപയോഗം

3.ദ്രുതഗതിയിലുള്ള വിജ്ഞാന വ്യാപനം, പ്രശ്ന പരിഹാരം എന്നിവ ഉറപ്പാക്കുന്ന നൂതന ഗവേഷണ പ്രവർത്തനങ്ങൾക്കായി ഒരു കോമൺനോളജ് പ്ലാറ്റ് ഫോം.

25,000-ത്തോളം ഉൾപ്പെടുത്തി കൊണ്ടുള്ള ഞങ്ങളും കൃഷിയിലേക്ക് പരിപാടിയും ഈ മിഷന്റെ ഒരു അഭിവാജ്യ ഘടകമാണ്. ഈ ഗ്രൂപ്പുകളിൽ 80% ഉൽപ്പാദനത്തിലും ബാക്കി 20% വിപണനത്തിനും സംസ്കരണത്തിനും മുൻഗണന നൽകിക്കൊണ്ട് മൂല്യവർദ്ധനയിൽ ഉൾപ്പെടുത്താൻ സർക്കാർ തീരുമാനിച്ചു.ഈ പദ്ധതിയിലൂടെ കർഷകരുടെ ഉൽപ്പന്നങ്ങളെ മൂല്യവർധിത ഉൽപ്പന്നങ്ങളായി മാറ്റുകയും വാം മിഷനിലൂടെ വിപണിയിലേക്ക് എളുപ്പത്തിൽ എത്തിക്കാനും സാധിക്കുന്നു.ആഭ്യന്തര, അന്തര്ദേശീയ വ്യാപാരവും കയറ്റുമതിയും പ്രോത്സാഹിപ്പിക്കാനും ഈ മിഷനിലൂടെ സാധിക്കും. ഇതിനായി മൂല്യവർധിത ഉൽപന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള സാങ്കേതികവിദ്യയും വിപണനശൃംഖല വികസിപ്പിച്ചെടുക്കാൻ സാമ്പത്തിക സഹായവും ലഭ്യമാക്കും.ഗൾഫ്, മിഡിൽ ഈസ്റ്റ് രാജ്യങ്ങളിൽ കേരളത്തിന്റെ മൂല്യ വർദ്ധന ഉൽപ്പന്നങ്ങൾ ബ്രാൻഡ് ചെയ്ത് വിപണനം ചെയ്യാനാണ് മിഷൻ തീരുമാനിച്ചിരിക്കുന്നത്.



# ഇഫ്കോ

## (ഇന്ത്യൻ ഫാർമേഴ്സ് ഫെർട്ടിലൈസർ കോപ്പറേറ്റീവ് ലിമിറ്റഡ്)


**എലിസബത്ത് സോണി**
Mob: 8089826922
Email: elizabethsony186@gmail.com


കാർഷിക മേഖലയിൽ വിപുലമായൊരു മാറ്റം കൊണ്ടുവരികയാണ് ഇഫ്കോ (ഇന്ത്യൻ ഫാർമേഴ്സ് ഫെർട്ടിലൈസർ കോപ്പറേറ്റീവ് ലിമിറ്റഡ്). കുറഞ്ഞ ചിലവിൽ കൂടുതൽ ലാഭം വാഗ്ദാനം ചെയ്യുന്ന ഇഫ്കോ നാനോ യൂറിയ ലിക്വിഡ് ഭാരത സർക്കാർ അംഗീകരിച്ച ലോകത്തിലെ ആദ്യത്തെ തദ്ദേശീയ നാനോ വളമാണ്. ഇതിൽ 4% (40000 പി പി എം) നൈട്രജൻ അടങ്ങിയിരിക്കുന്നു. ഇതിൻറെ ഉപയോഗക്ഷമത 85% ൽ കൂടുതലാണ്.

നാനോ യൂറിയ ലിക്വിഡ് സ്പ്രേ ചെയ്ത് കൊടുക്കുന്നത് വഴി ചെടികളുടെ ആദ്യത്തെ വളർച്ചാ ഘട്ടത്തിൽ കൂടുതൽ ശിഖരങ്ങൾ ഉണ്ടാകുവാൻ സഹായിക്കുന്ന ഉത്പാദനത്തിൽ 8% വരെ വർദ്ധനവ് ഇതുവഴി ഉണ്ടാകും.

നെല്ലിനും പച്ചക്കറികൾക്കും ആദ്യ സ്പ്രേ വിത്ത് മുളച്ച് 30-35 ദിവസത്തിന് ശേഷവും, രണ്ടാമത്തെ സ്പ്രേ പൂവിടുന്നതിന് ഒരാഴ്ച മുൻപുമായി കൊടുക്കാവുന്നതാണ്.

ഏലം, തേയില പോലുള്ള തോട്ടവിളകൾക്കും പഴവർഗ്ഗവിളകൾക്കും നൈട്രജന്റെ ആവശ്യകതയ്ക്ക് അനുസരിച്ച് രണ്ടോ മൂന്നോ മാസത്തിന്റെ ഇടവേളയിൽ യൂറിയയ്ക്ക് പകരം നാനോ യൂറിയ സ്പ്രേ ചെയ്യാവുന്നതാണ്.




രാവിലെയോ വൈകുന്നേരമോ മഞ്ഞു വീഴ്ച ഒഴിവാക്കി നാനോ യൂറിയലിക്വിഡ് സ്പ്രേ ചെയ്യുക (1 ലിറ്ററിൽ 2-4 മില്ലി). ഫ്ലാറ്റ് ഫാൻ അല്ലെങ്കിൽ കട്ട് നോസിൽ ഉപയോഗിച്ച് ചെടികളുടെ ഇലകളിൽ തളിച്ചു കൊടുക്കുക. സ്പ്രേ ചെയ്തു എട്ട് മണിക്കൂറിനുള്ളിൽ മഴ ലഭിക്കുകയാണെങ്കിൽ സ്പ്രേ ആവർത്തിക്കുക.

നിർമ്മാണ തീയതി മുതൽ 12 മാസം വരെ ഉപയോഗിക്കാവുന്നതാണ്. വളരെ കുറഞ്ഞ അളവിലെ ചെടികളിൽ ആവശ്യമുള്ളൂ. സംഭരണവും ഗതാഗതവും എളുപ്പവും ചിലവ് കുറഞ്ഞതുമാകുന്നു. ഇതുവഴി പരമ്പരാഗതയൂറിയയുടെ ഉപയോഗം 50% വരെ കുറയ്ക്കാൻ സാധിക്കും. മണ്ണ് വായു ജല മലിനീകരണം ഇതുവഴി കുറയ്ക്കാൻ സാധിക്കുന്നു.


ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Asha S. Kumar, Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Binu Hariat Ivan., Design & Layout : Maya Santhosh